(ബി) എങ്കിൽ ഇതുപരിഹരിക്കുന്നതിന് എന്തൊക്കെ നടപടികൾ സ്വീകരിക്കുമെന്ന് വ്യക്തമാക്കുമോ;

(സി) പഴകി ദ്രവിച്ച പൈപ്പുകളിലൂടെ ഒഴുകിവരുന്നതുമൂലവും പൊട്ടിയ പൈപ്പിലൂടെ ഓടയിലെയും മറ്റും മാലിന്യം കലർന്ന ജലം പൈപ്പിൽ പ്രവേശിക്കുന്നതുമൂലവും ടൈഫോയിഡ്, കോളറ തുടങ്ങിയ പകർച്ചവ്യാധികൾ കുടിവെള്ളത്തിലൂടെ ഉണ്ടാകുന്നത് ഒഴിവാക്കാൻ വാട്ടർ അതോറിറ്റി എന്തൊക്കെ നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ;

(ഡി) വാട്ടർ അതോറിറ്റിയുടെ ബന്ധപ്പെട്ട ഉദ്യോഗസ്ഥർ ഇക്കാര്യങ്ങൾ പരിശോധിക്കുന്നുണ്ടോ എന്നുറപ്പു വരുത്തുന്നതിന് വാട്ടർ അതോറിറ്റി എന്തൊക്കെ നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് എന്ന് വ്യക്തമാക്കുമോ;

(ഇ) വാട്ടർ അതോറിറ്റി ജീവനക്കാരുടെ കുറ്റമറ്റ പ്രവർത്തനം ഉറപ്പു വരുത്തുന്നതിന് സർക്കാർ നടപടി സ്വീകരിക്കുമോ?

ജലസേചനവും തൊഴിലും വകുപ്പുമന്ത്രി (ശ്രീ. വി.പി. രാമകൃഷ്ണ പിള്ള) :

(എ) ഉണ്ട്.

(ബി) കാലപ്പഴക്കം ചെന്ന പൈപ്പുകൾ ഫണ്ടിന്റെ ലഭ്യത അനുസരിച്ച് മാറ്റി സ്ഥാപിച്ചുവരുന്നു.

(സി) വാട്ടർ അതോറിറ്റി വിതരണം ചെയ്യുന്ന ജലം ക്ലോറിൻ/ബ്ലീച്ചിംഗ് പൗഡർ എന്നിവ ക്രമമനുസരിച്ച് ചേർത്ത് പൂർണ്ണമായും അണുവിമുക്തമാക്കിയതിനുശേഷമാണ് വിതരണം ചെയ്യുന്നത്. പൈപ്പുലൈനിൽ കാലക്രമേണ അടിഞ്ഞുകൂടുന്ന തുരുമ്പ്, ചെളി മുതലായവ കളയുന്നതിനായി പൈപ്പുലൈൻ സ്കൗർ ചെയ്തു വൃത്തിയാക്കുന്ന രീതിയും നിലവിലുണ്ട്. പകർച്ചവ്യാധികൾ കുടിവെള്ളത്തിലൂടെ പകരുന്നതൊഴിവാക്കുവാൻ ഓടകളിലൂടെ കടന്നുപോകുന്ന പൈപ്പുകൾ മാറ്റി സ്ഥാപിക്കുന്നതിനും നടപടികൾ സ്വീകരിക്കുന്നുണ്ട്.

(ഡി) ഗുണനിലവാരം ഉറപ്പുവരുത്തുന്നതിനും നിരന്തരം നിരീക്ഷിക്കുന്നതിനുമായി ഒരു ത്രിതല (വാട്ടർ ക്വാളിറ്റി മോണിറ്ററിംഗ്) സംവിധാനം വാട്ടർ അതോറിറ്റിയിലുണ്ട്.

(ഇ) ബന്ധപ്പെട്ട ജീവനക്കാർക്ക് കർശനമായ നിർദ്ദേശങ്ങൾ നല്കി കുറ്റമറ്റ പ്രവർത്തനം നടത്തുന്നതിന് നടപടികൾ സ്വീകരിക്കുന്നുണ്ട്.

27 (*353) ഭൂഗർഭ ജലത്തിന്റെ ശാസ്ത്രീയമായ ഉപഭോഗം

ശ്രീ. പി.സി. ജോർജ് :
ശ്രീ. ആന്റണി രാജു :
ശ്രീ. ടി.എസ്. ജോൺ :
ശ്രീ. മോൻസ് ജോസഫ് :
ഡോ. കെ.സി. ജോസഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലസേചനവും തൊഴിലും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഭൂഗർഭ ജലത്തിന്റെ ശാസ്ത്രീയമായ ഉപഭോഗത്തിലൂടെ സംസ്ഥാനത്തെ കുടിവെള്ളക്ഷാമം പരിഹരിക്കുന്നതിന് ഊർജ്ജിത നടപടികൾ സ്വീകരിച്ചിട്ടുണ്ടോ;

LIBRARY ARCHIVES Kerala Legislative Assembly

(ബി) ഭൂഗർഭജലം സംരക്ഷിക്കുന്നതിനും റീ ചാർജ് ചെയ്യുന്നതിനും ആയി പുതുതായി എന്ത് പദ്ധതിയാണ് ആവിഷ്കരിച്ചിട്ടുള്ളത്;

(സി) ഇതുമൂലം ഭൂജല സംരക്ഷണരംഗത്തുണ്ടാവുന്ന നേട്ടങ്ങൾ എന്തൊക്കെയാണ്;

(ഡി) പാഴായിപ്പോകുന്ന മഴവെള്ളം ഉപയോഗയോഗ്യമാക്കാനുള്ള 'റെയിൻ വാട്ടർ ഹാർവെസ്റ്റിംഗ്' സ്കീമിന്റെ വിശദവിവരം വെളിപ്പെടുത്തുമോ;

(ഇ) രണ്ടായിരാമാണ്ടോടെ എല്ലാവർക്കും ശുദ്ധജലമെത്തിക്കുന്ന പദ്ധതിക്ക് ഭൂജല വകുപ്പ് രൂപം നൽകിയിട്ടുണ്ടോ; എങ്കിൽ വിശദാംശം അറിയിക്കുമോ?

ജലസേചനവും തൊഴിലും വകുപ്പുമന്ത്രി (ശ്രീ. വി.പി. രാമകൃഷ്ണപിള്ള) :

(എ) കുടിവെള്ള ക്ഷാമം പരിഹരിക്കുന്നതിന് മാത്രമായി പ്രത്യേക പദ്ധതികളൊന്നും ഇപ്പോൾ ഭൂജലവകുപ്പിനില്ല. ഇത്തരം ഒരു പദ്ധതി വകുപ്പു നടപ്പാക്കിയിരുന്നത്, 1996 മുതൽ ജില്ലാ പഞ്ചായത്തുകൾക്ക് കൈമാറുകയുണ്ടായി. കുടിവെള്ളക്ഷാമം പരിഹരിക്കുന്നതിനായി ജില്ലാ പഞ്ചായത്തുകളും മറ്റ് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളും ആവിഷ്കരിച്ചു നടപ്പാക്കി വരുന്ന ഭൂജല സ്രോതസ്സുകൾ ഉപയോഗിച്ചുള്ള കുഴൽക്കിണർ നിർമ്മാണ പദ്ധതികൾക്ക് സാങ്കേതിക സഹായം നൽകുകയാണ് ഭൂജലവകുപ്പ് ഇപ്പോൾ ചെയ്യുന്നത്.

(ബി) 2000-2001 വർഷത്തെ വാർഷിക പദ്ധതിയിൽ ആർട്ടിഫിഷ്യൽ റീ ചാർജ്ജിനുള്ള ഒരു പദ്ധതി സർക്കാരിന്റെ സജീവ പരിഗണനയിലാണ്.

(സി) ഇതുമൂലം ഭൂജലശേഖരം വർദ്ധിക്കുകയും ജലലഭ്യത മെച്ചപ്പെടുകയും തദ്വാര ഗാർഹിക, കാർഷികാവശ്യങ്ങൾക്ക് മെച്ചപ്പെട്ട തോതിൽ ജലം ലഭ്യമാകുകയും ചെയ്തു.

(ഡി) ഭൂജല ശേഖരം റീ ചാർജ് ചെയ്യുന്നതിന് മഴവെള്ളം ശേഖരിച്ച് ഉപയോഗയോഗ്യമാക്കുന്നതിനുള്ള ഒരു പദ്ധതിയാണ് ആവിഷ്കരിച്ചിട്ടുള്ളത്. പലകാരണങ്ങളാൽ നല്ല കുടിവെള്ളം സുലഭമായി ലഭ്യമല്ലാത്തയിടങ്ങളിൽ 'റെയിൻ വാട്ടർ ഹാർവെസ്റ്റിംഗ്'പദ്ധതികൊണ്ട് ഒരു പരിധി വരെ കുടിവെള്ള ക്ഷാമം പരിഹരിക്കുന്നതിനാണ് ഉദ്ദേശിക്കുന്നത്. 2000-2001 വർഷത്തിൽ 52 ലക്ഷം രൂപയുടെ ഒരു പദ്ധതിക്ക് അംഗീകാരം നൽകുന്ന കാര്യം പരിശോധിച്ചു വരികയാണ്.

(ഇ) 'രണ്ടായിരാമാണ്ടോടെ എല്ലാവർക്കും കുടിവെള്ളം' എന്ന പദ്ധതിക്ക് കേരള സർക്കാരാണ് രൂപം നൽകിയിട്ടുള്ളത്. ഈ പദ്ധതിയിൻ കീഴിൽ കുഴൽക്കിണറുകൾ നിർമ്മിക്കുക, നിലവിലുള്ള കുഴൽക്കിണറുകളുടെ കേടുപാടുകൾ തീർത്ത് പ്രവർത്തനക്ഷമമാക്കുക, ഹാൻഡ് പമ്പ് മെയിന്റനൻസ് പരിശീലനം നൽകുക എന്നീ പ്രവർത്തനങ്ങളുടെ ചുമതല ഭൂജലവകുപ്പിനാണ് നൽകിയിട്ടുള്ളത്.

28 (*354) പട്ടികജാതി-പട്ടികവർഗ്ഗ വികസന കോർപ്പറേഷന്റെ പ്രവർത്തനം പരിശോധിക്കുന്നതിന് നടപടി

ശ്രീ. വെങ്ങാനൂർ പി. ഭാസ്കരൻ :
ശ്രീ. പി.കെ. കുമാരൻ :

LIBRARY ARCHIVES Kerala Legislative Assembly